**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1995 — 04.05.2017 -ൽ മറുപടിക്ക്

## ഉത്തരകേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട് പദ്ധതിക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | എ) കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ നദികൾ ഉൾപ്പെടുന്ന "റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട്" പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും, വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് ലക്ഷ്യമിടുന്നത്. ഇതിനു മുന്നോടിയായി ഈ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ജന പ്രതിനിധികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനും അതുവഴി പദ്ധതിരേഖ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ